പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 51 27.09.2011 ൽ മറുപടിയ്ക്ക്

ഭൂഗർഭ വൈദ്യുതി ലൈനുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. എ. റ്റി. ജോർജ്ജ്<br>ശ്രീ. വി.പി. സജീന്ദ്രൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| എ. വൈദ്യുതി ലൈനുകൾ ഭൂമിക്കടിയിലൂടെ കൊണ്ടുപോകുന്ന പദ്ധതികളുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) വൈദ്യുതി ലൈനുകൾ ഭൂമിക്കടിയിലൂടെ കൊണ്ടുപോകുന്ന പദ്ധതികളുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ് |
| ബി. ഇപ്പോൾ ഈ പദ്ധതി എവിടെയെല്ലാമാണ് നടപ്പാക്കി വരുന്നത് ; | (ബി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലാണ് ഇപ്പോൾ പദ്ധതി നടപ്പാക്കിവരുന്നത്. കൂടാതെ 30000 ന് മേൽ ജനസംഖ്യയുള്ള 20 നഗര പ്രദേശത്തെ 11KV ലൈനുൾപ്പടെ 672.12KM ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളും നടന്നു വരുന്നു. തിരുവനന്തപുരം ജില്ലയിൽ കരമന, പേയാട് 33 കെ.വി സബ്സ്റ്റേഷനിലേക്ക് ഭൂഗർഭ കേബിൾ ഉപയോഗിച്ചാണ് വൈദ്യുതി എത്തിക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ പോത്തൻകോട് സബ്സ്റ്റേഷനിൽ നിന്നും പരുത്തിപ്പാറ സബ്സ്റ്റേഷനിലേക്ക് ഭൂഗർഭ കേബിൾ ഉപയോഗിച്ച് 110 കെ.വി വൈദ്യുതി എത്തിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇവ കൂടാതെ, കോഴിക്കോട്ടുള്ള നിർദ്ദിഷ്ട 110 കെ.വി ഗാന്ധി റോഡ് സബ്സ്റ്റേഷൻ, കൊല്ലം 110 കെ.വി GIS സബ്സ്റ്റേഷൻ, കുണ്ടറ, ടെക്നോപാർക്ക് എന്നിവിടങ്ങളിൽ 110 കെ.വി വൈദ്യുതി എത്തിക്കുന്ന പ്രവൃത്തികൾക്ക് ഭൂഗർഭ കേബിൾ ഉപയോഗിക്കാനാണ് |

| | | | |
|---|---|---|---|
| | | | നിർദ്ദേശിച്ചിട്ടുള്ളത്. |
| സി. | ഇതിന് കേന്ദ്ര സഹായം ലഭ്യമാണോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (സി) | ഭൂഗർഭ കേബിളുകൾ വിന്യസിക്കുന്നതിനായി എ.പി.ഡി.ആർ.പി. പദ്ധതി പ്രകാരമുള്ള ധനസഹായം പദ്ധതി കാലാവധിയായ 31.03.2009 വരെ ലഭിച്ചിട്ടുണ്ട്. |
| ഡി. | ഈ പദ്ധതി എല്ലാ പഞ്ചായത്തുകളിലും നടപ്പിൽ വരുത്തുമോ ; | ഡി. & ഇ. | നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ RAPDRP യിൽ പഞ്ചായത്ത് പ്രദേശങ്ങളിൽ ഭൂഗർഭ കേബിളുകൾ വിന്യസിക്കുന്നതിനായി ധനസഹായം ലഭിക്കുന്നില്ല. ഉപഭോക്തൃ സാന്ദ്രത കൂടിയ നഗര പ്രദേശങ്ങളിൽ ഈ പദ്ധതി നടപ്പാക്കിയ ശേഷം മാത്രമേ പഞ്ചായത്തുകളിൽ ഇതു നടപ്പാക്കുന്ന കാര്യം പരിഗണിക്കാനാകൂ. |
| ഇ. | ആയത് എന്ന് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. | | |

Rom

സെക്ഷൻ ഓഫീസർ